(സി)&(ഡി) ഇതു സംബന്ധിച്ച് തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 97/2000 നമ്പറായി കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടന്നുവരുന്നു.

92 (2403) കണല്ലൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണല്ലൂർ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടനിർമ്മാണത്തിന് 1999-2000 വർഷത്തെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഇതിന് ആവശ്യമായ സ്ഥലം കണല്ലൂർ ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകിയിട്ടുണ്ടോ;

(ഡി) പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് കായംകുളം എം.എൽ.എ.യുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) കണല്ലൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം ഈ സാമ്പത്തികവർഷം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ വർഷംതന്നെ ഈ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണല്ലൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി 50,000/- രൂപ നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കണ്ടല്ലൂർ പോലീസ് സ്റ്റേഷൻ എന്ന പേരിൽ ഒരു പോലീസ് സ്റ്റേഷൻ ആലപ്പുഴ ജില്ലയിൽ നിലവിലില്ല. ഇപ്പോൾ നിലവിലുള്ള കനകക്കുന്ന് പോലീസ് സ്റ്റേഷൻ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

(ബി) കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് 11,55,000/- രൂപയാണ്.

(സി) കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് 12.875 സെന്റ് സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം ഈ സാമ്പത്തികവർഷം ആരംഭിക്കാത്തത്.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly